പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1812 05.02.2019-ലെ മറുപടിക്ക്

## എംപാനൽ കണ്ടക്ടർമാർ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ടക്ടർ തസ്തികയിൽ പി.എസ്.സി. വഴി നിയമിച്ചവരിൽ എത്ര പേർ ഇതിനകം ജോലിയിൽ പ്രവേശിച്ചു എന്നും ഇതിൽ എത്ര വനിതകളുണ്ട് എന്നും വെളിപ്പെടുത്താമോ; | (എ) | ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ടക്ടർ തസ്തികയിൽ പി.എസ്.സി വഴി നിയമിച്ചവരിൽ 1421 പേർ ഇതിനകം ജോലിയിൽ പ്രവേശിച്ചു. ഇതിൽ 612 വനിതകൾ ഉണ്ട്. |
| (ബി) | നിയമന ഉത്തരവ് നൽകിയവർക്ക് ജോലിയിൽ പ്രവേശിക്കുവാൻ എന്നുവരെയാണ് സമയം അനുവദിച്ചിട്ടുള്ളത്; | (ബി) | 02.02.19 വരെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സാവകാശം അനുവദനീയമാണ്. |
| (സി) | ശേഷിക്കുന്ന ഒഴിവുകൾ എപ്രകാരമാണ് നികത്തുവാൻ ഉദ്ദേശിക്കുന്നത്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒഴിവുകൾ നികത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (സി) | നിലവിൽ, പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെ.എസ്.ആർ.ടി.സി.യിലെ കണ്ടക്ടർ തസ്തികയിലെ ഒഴിവുകൾ നിർണ്ണയിക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒഴിവുകൾ നികത്തുന്നതിന് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (ഡി) | പിരിച്ചുവിട്ട എംപാനൽ കണ്ടക്ടർമാരിൽ പ്രായപരിധി കഴിഞ്ഞവർക്ക് നിയമനത്തിൽ എന്തെങ്കിലും മുൻഗണന നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ? | (ഡി) | ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ. ടി.സി.യിലെ എംപാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടിട്ടുള്ളത്. ആയതിനാൽ ബഹു.കോടതിയുടെ വിധിക്ക് വിധേയമായി മാത്രമേ ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ